LIBRARY ARCHIVES Kerala Legislative Assembly

# VI റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2015-ലെ കേരള ധനകാര്യ ബില്ലിനേയും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII-ന്റെ ചെയർമാനായ ഞാൻ 2015-ലെ കേരള ധനകാര്യ ബില്ലിനെയും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനെയും സംബന്ധിച്ച വിഷയ നിർണ്ണയ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി X-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി X-ന്റെ ചെയർമാനായ ഞാൻ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XII-ന്റെ ചെയർമാനായ ഞാൻ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച്